ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 28-06-2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. രാഷ്ട്രനിർമ്മാണത്തിലെ പൊതുജനപങ്കാളിത്തം വലിയ മുതൽക്കൂട്ടാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി മൻ കി ബാത്തിൽ. ആഗോളപ്രതിസന്ധികളെ ഒറ്റക്കെട്ടായി നേരിടുന്നതിൽ ജനങ്ങൾക്ക് നന്ദി അറിയിക്കുന്നതായും പ്രധാനമന്ത്രി നരേന്ദ്ര മോദി.

**Public participation in nation building is a great asset, says Prime Minister Narendra Modi in Mann Ki Baat. Prime Minister Narendra Modi thanked the people for facing global crises together.**

2. രാജ്യം കൂടുതൽ സ്വയം പര്യാപ്ത മായതോടെ സ്വാശ്രയ ഭാരതം കെട്ടിപ്പടുക്കാനുള്ള നിശ്ചയദാർഢ്യം ശക്തമായതായും പ്രധാനമന്ത്രി. ആധുനിക സാങ്കേതികവിദ്യയെയും പാരമ്പര്യത്തെയും ഒന്നിപ്പിക്കാനുള്ള സർവകലാശാലകളുടെ ശ്രമങ്ങൾക്കും പ്രത്യേക അഭിനന്ദനം.

**The Prime Minister said that the determination to build a self-reliant India has become stronger as the country has become more self-sufficient. Special appreciation was also given to the**

efforts of universities to connect modern technology and tradition.

3) പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് സെയ്ഷെൽസ് പ്രസിഡന്റ് പാട്രിക് ഹെർമിനിയുമായി കൂടിക്കാഴ്ച നടത്തും.

Prime Minister Narendra Modi will meet Seychelles President Patrick Herminey today.

4. ഭൂകമ്പം നാശം വിതച്ച വെനസ്വേലയിൽ 'ഓപ്പറേഷൻ അമിസ്റ്റാഡിന്റെ ഭാഗമായി, ദുരിതാശ്വാസ സാമഗ്രികൾ എത്തിച്ച് ഇന്ത്യ .

India delivers relief supplies to earthquake-ravaged Venezuela as part of 'Operation Amistad'.

5. കേരളത്തിൽ ശക്തമായ മഴ തുടരും. നാല് വടക്കൻ ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത. കേരളം - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യ ബന്ധനത്തിന് വിലക്ക്.

Heavy rains to continue in Kerala. Orange alert in four northern districts today. Fishing banned off Kerala - Karnataka - Lakshadweep coasts.

6. വനിതാ ടി-20 ലോകകപ്പ് ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് ഓസ്ട്രേലിയയെ നേരിടും. ഫിഫ ലോകകപ്പ് ഫുട്ബോളിൽ ജോർദാനെതിരെ അർജന്റീനയ്ക്ക് ജയം.

India to face Australia in Women's T20 World Cup cricket today. Argentina beats Jordan in FIFA World Cup football.

&&&&&&&&&&&&&&&&&&

## HEADLINE-1

## PM ON PEOPLE

ജനങ്ങളാണ് ഏതൊരു രാജ്യത്തിന്റെയും ആത്മാവെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ആകാശവാണിയിലൂടെ മൻ കി ബാത്തിൻറെ 135 -ാാം പതിപ്പിൽ ജനങ്ങളുമായി സംവദിക്കുകയായിരുന്നു അദ്ദേഹം. രാജ്യത്തെ ജനങ്ങളുടെ ദൃഢനിശ്ചയത്തിലൂടെ ഏത് പ്രതിസന്ധിയും തരണം ചെയ്യാൻ സാധിക്കും. രാഷ്ട്രനിർമ്മാണത്തിലെ പൊതുജനപങ്കാളിത്തത്തിന്റെ ഈ ശക്തി ഇന്ത്യക്ക് വലിയ മുതൽക്കൂട്ടാണെന്നും പ്രധാനമന്ത്രി മൻ കി ബാത്തിൽ പറഞ്ഞു.

&&&&&&&&&&&&&&&

## HEADLINE-2

### MKB – Aerospace (INTRO)

***രാജ്യം കൂടുതൽ സ്വയം പര്യാപ്തമായി മാറുകയാണെന്നും സ്വാശ്രയ ഭാരതം കെട്ടിപ്പടുക്കാനുള്ള നിശ്ചയദാർഢ്യം ശക്തമാകുന്നുവെന്നും മൻ കീ ബാത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇന്ത്യൻ നിർമ്മിത സി -295 വിമാനം ഈ മാസം ആദ്യ പറക്കൽ പൂർത്തിയാക്കിയത് സംബന്ധിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇതുപോലെ നാൽപത് വിമാനങ്ങൾ ഇന്ത്യയിൽ നിർമ്മിക്കുന്നുണ്ടെന്നും, വ്യോമയാന മേഖലയിൽ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് ഇത് പുതിയ ശക്തി നൽകുന്നുവെന്നും അദ്ദേഹം പറഞ്ഞു.***

*(വോയിസ് -പ്രധാനമന്ത്രി)*

&&&&&&&&&&&&&&&

## HEADLINE-2A

### Man Ki Baath AI

ആധുനിക സാങ്കേതികവിദ്യയെയും പാരമ്പര്യത്തെയും ഒന്നിപ്പിക്കാനുള്ള രാജ്യത്തെ പ്രമുഖ സർവകലാശാലകളുടെ ശ്രമങ്ങൾ അഭിനന്ദനാർഹമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. നളന്ദ സർവകലാശാല, ഡൽഹിയിൽ സ്ഥിതി ചെയ്യുന്ന കേന്ദ്ര സംസ്കൃത സർവകലാശാല തുടങ്ങിയ സർവ്വകലാശാലകൾ നിർമ്മിത ബുദ്ധി, ഡാറ്റ സയൻസ് എന്നിവയിൽ അധിഷ്ഠിതമായി നടത്തുന്ന കോഴ്സുകൾ സംബന്ധിച്ച് മൻ കീ ബാത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ആധുനിക സാങ്കേതികവിദ്യയെ ഇന്ത്യയുടെ പരമ്പരാഗത അറിവുമായി ബന്ധിപ്പിക്കുന്നതിനുള്ള സുപ്രധാന ചുവടുവെപ്പാണിതെന്നും ശ്രീ. മോദി വ്യക്തമാക്കി. ഭാരതീയ ഭാഷകൾക്കായി പുതിയ നിർമിത ബുദ്ധി ഉപകരണങ്ങൾ വികസിപ്പിക്കുന്നതിനും പുരാതന ഗ്രന്ഥങ്ങളും കൈയ്യെഴുത്ത് പ്രതികളും ഡിജിറ്റൽ രൂപത്തിൽ സംരക്ഷിക്കുന്നതിനും ഇത് സഹായിക്കുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&

**<u>PMJJBY – INSURANCE SCHEMES– MKB(INTRO)</u>**

***<u>രാജ്യത്തെ കോടിക്കണക്കിന് കുടുംബങ്ങൾക്ക് ഇൻഷ്വറൻസ് സുരക്ഷാ കവചം നൽകുന്ന പദ്ധതികളാണ്, പ്രധാനമന്ത്രി സുരക്ഷാ ബീമ യോജനയും, പ്രധാനമന്ത്രി ജീവൻ ജ്യോതി ബീമാ യോജനയുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. മൻ കീ ബാത്തിൻറെ 135-ാം പതിപ്പിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പ്രധാനമന്ത്രി സുരക്ഷാ ബീമ യോജനയിൽ, പ്രതിവർഷം വെറും 20 രൂപയുടെ പ്രീമിയം വഴി, 2 ലക്ഷം രൂപവരെ അപകട ഇൻഷുറൻസ് നൽകുന്നു. 58 കോടിയിലധികം ആളുകൾ ചേർന്നിട്ടുള്ള, ഈ പദ്ധതിയിൽ ഇതുവരെ 3,700 കോടിയിലധികം രൂപയുടെ സഹായം ലഭിച്ചു. ദാരുണമായ മരണം സംഭവിച്ചാൽ ഒരു വ്യക്തിയുടെ കുടുംബത്തിന്, 2 ലക്ഷം രൂപയുടെ ഇൻഷുറൻസ് പരിരക്ഷ നൽകുന്ന, പ്രധാനമന്ത്രി ജീവൻ ജ്യോതി ബീമാ യോജന പദ്ധതിയിലൂടെ 11 ലക്ഷം കുടുംബങ്ങൾക്ക് ഏകദേശം 22,000 കോടി രൂപയുടെ സഹായം ലഭിച്ചുവെന്നും ശ്രീ മോദി വ്യക്തമാക്കി. ഒരു ചെറിയ തുകയിൽ നിന്നും വലിയ സുരക്ഷ ആരംഭിക്കാമെന്ന്, ഈ പദ്ധതികൾ കാണിച്ചുതരുന്നുവെന്നും പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു.</u>***

*<u>(വോയിസ്)</u>*

&&&&&&&&&&&&&&&

## MKB- UNESCO

മേഘാലയയിലെ പ്രസിദ്ധമായ വേരുപാലങ്ങളെകുറിച്ച് പ്രധാനമന്ത്രി , മൻ കി ബാത്തിൽ പരാമർശിച്ചു. റബ്ബർ മരങ്ങളുടെ വേരുകൾ കൊണ്ട് നീർച്ചാലുകൾക്ക് കുറുകെ നിർമിച്ച പ്രകൃതിദത്തമായ ഈ പാലങ്ങൾ, മേഘാലയയിലെ ജനങ്ങളുടെ സർഗ്ഗാത്മകതയെ പ്രതിഫലിപ്പിക്കുന്നുവെന്നും പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു. പ്രകൃതിയുമായി സഹകരിച്ച്, മനുഷ്യർ നിർമ്മിക്കുന്ന , മേഘാലയയുടെ വേരുപാലങ്ങളെ UNESCOയുടെ World Heritage Site Networkൽ ഉൾപ്പെടുത്താൻ രാജ്യം അഭ്യർത്ഥിച്ചിട്ടുണ്ടെന്ന് ശ്രീ. മോദി മൻ കി ബാത്തിൽ വ്യക്തമാക്കി.

&&&&&&&&&&&&&&&

## MKB - West Asia (INTRO)

***<u>പശ്ചിമേഷ്യയിലെ സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ, രാജ്യം ആഗോളപ്രതിസന്ധിയെ ഒറ്റക്കെട്ടായി നേരിടുന്നതിൽ ജനങ്ങൾക്ക് നന്ദി അറിയിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. യുദ്ധസാഹചര്യത്തിൽ ആവശ്യപ്പെട്ട കാര്യങ്ങൾക്ക് ജനങ്ങളിൽ നിന്ന് ലഭിച്ച പിന്തുണയ്ക്കും സഹകരണത്തിനും ഓരോ പൗരനോടും കടപ്പെട്ടിരിക്കുന്നതായി ശ്രീ. മോദി മൻ കീ ബാത്തിൽ പറഞ്ഞു. പൊതുജനപങ്കാളിത്തത്തിന്റെ കരുത്ത് രാജ്യത്തെ ശക്തിപ്പെടുത്തുകയും വിജയിപ്പിക്കുകയും ചെയ്യുമെന്ന് ഉറപ്പുണ്ടെന്ന് പ്രധാനമന്ത്രി വ്യക്തമാക്കി.</u>***

***<u>(വോയിസ്)</u>***

&&&&&&&&&&&&&&&

## GANESHOLSAVAM- MKB

ഗണേശോത്സവം ഉൾപ്പെടെയുള്ള രാജ്യത്തെ ഓരോ ഉത്സവങ്ങളും പരിസ്ഥിതി സൗഹാർദ്ദപരമാകണമെന്നും, 'വോക്കൽ ഫോർ ലോക്കൽ' എന്ന തത്വത്തെ ശക്തിപ്പെടുത്തണമെന്നും, പ്രധാനമന്ത്രി നരേന്ദ്രമോദി മൻ കി ബാത്തിൽ പറഞ്ഞു. ഗണേശോത്സവത്തിനായി മണ്ണ് കൊണ്ട് നിർമ്മിച്ച ഗണേശ വിഗ്രഹങ്ങൾ ഉപയോഗിക്കാനും, പ്രാദേശിക മൺവിഗ്രഹ നിർമ്മാതാക്കളിൽ നിന്നും കലാകാരന്മാരിൽനിന്നും ഇവ വാങ്ങാനും, ശ്രി മോദി അഭ്യർത്ഥിച്ചു.

&&&&&&&&&&&&&&&

**MKB SPORTS(INTRO)**

***രാജ്യത്ത് കായിക മേഖലയിലേക്ക് കടന്നു വരുന്ന യുവതലമുറയുടെ എണ്ണം വർധിച്ചു വരികയാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. സ്പോർട്സിനെ ഒരു കരിയറായി കൂടുതൽ പേർ സ്വീകരിക്കുന്നതിൽ അദ്ദേഹം സന്തോഷം പ്രകടിപ്പിച്ചു.***

***(വോയിസ്)***

***ജലസംഭരണം, ശുചിത്വം എന്നിവയിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുക തുടങ്ങിയവയാണ് പ്രധാനമന്ത്രി മൻ കി ബാത്തിൽ ഇന്ന് പരാമർശിച്ച മറ്റ് വിഷയങ്ങൾ.***

&&&&&&&&&&&&&&&

**HEADLINE-3**

**PM SEYCHELLES VISIT**

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് സെയ്ഷെൽസ് പ്രസിഡന്റ് പാട്രിക് ഹെർമിനിയുമായി കൂടിക്കാഴ്ച നടത്തും. ഇരു നേതാക്കളും ഉഭയകക്ഷി സഹകരണം, പരസ്പര താല്പര്യമുള്ള പ്രാദേശിക, അന്തർദേശീയ വിഷയങ്ങളിൽ ചർച്ച നടത്തുകയും ചെയ്യും. മൂന്ന് ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിന്റെ ഭാഗമായാണ് പ്രധാനമന്ത്രി നരേന്ദ്ര മോദി സെയ്ഷെൽസിൽ എത്തിയത്. സെയ്ഷെൽസിന്റെ ദേശീയദിന സുവർണ്ണ ജൂബിലി ആഘോഷങ്ങളിൽ മുഖ്യാതിഥിയായി പങ്കെടുക്കുന്ന പ്രധാനമന്ത്രി സെയ്ഷെൽസ് ദേശീയ അസംബ്ലിയെയും ഇന്ന് അഭിസംബോധന ചെയ്യും.

&&&&&&&&&&&&&&&

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്……

(ബ്രേക്ക്)

&&&&&&&&&&&&&&&&

## HEADLINE-4

**OPERATION AMISTAD**

ഭൂകമ്പം നാശം വിതച്ച വെനസ്വേലയ്ക്കായി ഇന്ത്യ നൽകിയ അടിയന്തര സഹായം, ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് കരുത്ത് പകരുമെന്ന് വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ. രക്ഷാപ്രവർത്തനങ്ങൾക്കായി ഇന്ത്യ പ്രഖ്യാപിച്ച 'ഓപ്പറേഷൻ അമിസ്റ്റാഡിന്റെ ഭാഗമായി, 41 അംഗ രക്ഷാ സംഘം, ദുരിതാശ്വാസ സാമഗ്രികൾ, മരുന്നുകൾ, മെഡിക്കൽ ഉപകരണങ്ങൾ തുടങ്ങിയവ വെനസ്വേലയിലെത്തി.

&&&&&&&&&&&&&&&&

## HEADLINE-5

**RAIN – KERALAM**

കേരളത്തിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയും മറ്റെല്ലാ ജില്ലകളിലും ലക്ഷദ്വീപിലും മഞ്ഞ ജാഗ്രതയുമാണ്. കേരളം- കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ബുധനാഴ്ച വരെ മത്സ്യ ബന്ധന ത്തിന് വിലക്ക് ഏർപ്പെടുത്തി.

&&&&&&&&&&&&&&&&

## HEADLINE-6

**WOMENS T20 WC - CRICKET**

ICC വനിതാ ടി-20 ലോകകപ്പ് ക്രിക്കറ്റിൽ ഗ്രൂപ്പ് എയിലെ ഫൈനൽ മത്സര ത്തിൽ ഇന്ത്യ ഇന്ന് ഓസ്ട്രേലിയയെ നേരിടും. ലണ്ടനിലെ ലോഡ്സ് ക്രിക്കറ്റ് ഗ്രൗണ്ടിൽ ഇന്ത്യൻ സമയം രാത്രി 7 മണിക്കാണ് മത്സരം. ഗ്രൂപ്പ് എയിൽ മൂന്ന് മത്സരങ്ങൾ വിജയിച്ച ആത്മവിശ്വാസത്തിലാണ് ടീം ഇന്ത്യ.

&&&&&&&&&&&&&&&&

## HEADLINE-6A

**FIFA**

ഫിഫ ലോകകപ്പ് ഫുട്ബോളിൽ ജോർദാനെതിരെ അർജന്റീനയ്ക്ക് തകർപ്പൻ ജയം. എൺപതാം മിനുട്ടിൽ സൂപ്പർ താരം ലയണൽ മെസ്സി നേടിയ ഗോളുൾപ്പെടെ ഒന്നിനെതിരെ മൂന്നു ഗോളുകൾക്കാണ് അർജൻറീന, ജോർദാനെ പരാജയപ്പെടുത്തിയത്. അതേസമയം ഓസ്ട്രിയയും അൾജീരിയയും തമ്മിലുള്ള മത്സരം സമനിലയിൽ കലാശിച്ചു.

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&